# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ പി7/486/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 23/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ പി7/486/2022 തീയ്യതി: 23/05/2022

## പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 06-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.പി.ബി.അരുൺ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.തോമസ് മാത്യൂ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ഭരണ നിർവ്വഹണ സമിതി | സെക്രട്ടറി | 01-12-2020 | 20-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി പ്രമീള വസന്ത് മാത്യൂ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.എ.ജോയി | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീ രഞ്ജിത് വി. | സെക്രട്ടറി | 10-06-2020 | 02-03-2021 |
| ശ്രീ രാജീവ് എം. കൃഷ്ണൻ (എച്ച്.സി.) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 07-04-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അഞ്ജലി കൃഷ്ണ | മെഡിക്കൽ ഓഫീസർ, FHC | 01-04-2020 | 21-01-2021 |
| ശ്രീ.നിഷോർ റ്റി | മെഡിക്കൽ ഓഫീസർ, FHC | 21-01-2021 | 31-03-2021 |
| ശ്രീ.ഭക്തി പി.ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി മേരി ബിൽന ചാണ്ടി | വെറ്ററിനറി സർജൻ | 01-04-2020 | 01-02-2021 |
| ശ്രീ.സുബ്ബയ്യൻ | വെറ്ററിനറി സർജൻ | 01-02-2021 | 31-03-2021 |
| ശ്രീമതി അനില റ്റി ശശി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ദിലീപ് എസ് ചീരംതോട് | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2020 | 07-07-2020 |
| ശ്രീ.ഷാജി ബി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 07-07-2020 | 31-03-2021 |
| ശ്രീമതി ജെസ്സി തോമസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജലജാമണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2020 | 31-03-2021 |
| ശ്രീമതി രേണുക പരമേശ്വരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2020 | 15-06-2020 |
| ശ്രീ. ഹാരിസ് എം.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 16-06-2020 | 20-02-2021 |
| ശ്രീമതി രേണുക പരമേശ്വരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 27-02-2021 | 31-03-2021 |
| ശ്രീമതി സോണി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 23-10-2020 |

| | | | |
|---|---|---|---|
| ശ്രീമതി പ്രസന്ന പി എം | ഐസിഡിഎസ് സൂപ്പർവൈസർ | 23-10-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-05-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം.<br>Written By: T Anilkumar (Audit Officer (HG), On 16-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 17-05-2022) | 1-10 |
| 11 | ചെലവിന് ആനുപാതികമായി വരുമാനമില്ല: പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ദുർബലം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-11 |
| 12 | മേഖല പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചു<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-12 |
| 13 | ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-13 |
| 14 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - നിഷ്ക്രിയമായി കിടക്കുന്നത് 32.79 ലക്ഷം രൂപ<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-14 |
| 15 | ഇ-ടെണ്ടർ ഫീസ് 1.89 ലക്ഷം രൂപ തിരികെ ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-15 |
| 16 | കാലി ബാരൽ വില ഈടാക്കിയില്ല, 7583 രൂപയുടെ നഷ്ടം<br>Written By: T Anilkumar (Audit Officer (HG), On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-16 |
| 17 | ബയോഫ്ലോക്ക് മത്സ്യക്കൃഷി - അധിക സബ്സിഡി അനുവദിച്ചു | 1-17 |

| | | |
|---|---|---|
| | Written By: Arun P B (Senior Grade Auditor, On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | |
| 18 | വെള്ളക്കര കുടിശിക 2.4 കോടി - കുടിശിക നിവാരണത്തിന് സത്വര നടപടി അനിവാര്യം<br>Written By: T Anilkumar (Audit Officer (HG), On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-18 |
| 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ക്ഷീരവികസന വകുപ്പ് വിഹിതം കൂടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു<br>Written By: Arun P B (Senior Grade Auditor, On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-19 |
| 20 | വയോജനങ്ങൾക്ക് കട്ടിൽ - ആർട്ട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങി<br>Written By: Arun P B (Senior Grade Auditor, On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-20 |
| 21 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-22 |
| 23 | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചില്ല – കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-23 |
| 24 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കണം<br>Written By: Arun P B (Senior Grade Auditor, On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-24 |
| 25 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടപ്പിൽ വരുത്തിയില്ല; ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ്ജ് ഒടുക്കുന്നു;<br>Written By: T Anilkumar (Audit Officer (HG), On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-25 |
| 26 | ഹരിത കർമ്മസേന പ്രവർത്തനം നിർജ്ജീവം<br>Written By: T Anilkumar (Audit Officer (HG), On 20-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-26 |
| 27 | മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല; സർക്കാർ ഖജനാവിന് 11.17 ലക്ഷം രൂപയുടെ നഷ്ടം<br>Written By: T Anilkumar (Audit Officer (HG), On 21-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-27 |
| 28 | മരണപ്പെട്ടവരെ ആക്റ്റീവ് പെൻഷണേഴ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയില്ല – പെൻഷൻ അക്കൗണ്ടിലേക്ക് തുടർന്നും പെൻഷൻ തുക ട്രാൻസ്ഫർ ചെയ്യുന്നു<br>Written By: T Anilkumar (Audit Officer (HG), On 21-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-28 |
| 29 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 30.71 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 21-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-29 |
| 30 | ഇല്ലാത്ത വൈദ്യുതി കുടിശിക ഒടുക്കി<br>Written By: T Anilkumar (Audit Officer (HG), On 21-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-30 |

| | | |
|---|---|---|
| 31 | തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് യഥാസമയം ഒടുക്കുവരുത്തിയില്ല – പിഴ പലിശ ഇനത്തിൽ പഞ്ചായത്തിന് അധിക ബാദ്ധ്യത<br>Written By: T Anilkumar (Audit Officer (HG), On 21-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-31 |
| 32 | ആസ്തി രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: T Anilkumar (Audit Officer (HG), On 21-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-32 |
| 33 | ആശ്രയ പദ്ധതി, കുടുംബശ്രീയ്ക്ക് റിവോൾവിംഗ് ഫണ്ട് - വികസനഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 23-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-05-2022) | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കാലി ബാരൽ വില ഈടാക്കിയില്ല, 7587 രൂപയുടെ നഷ്ടം<br>Written By: T Anilkumar (Audit Officer (HG), On 18-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-05-2022) | 3-1 |
| 2 | ബയോഫ്ലോക്ക് മത്സ്യക്കൃഷി - അധിക സബ്സിഡി അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 16-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-05-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 17-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 17-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 17-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 17-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 19-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 17-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 17-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 19-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 13-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-05-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P Anilkumar (Senior Grade Auditor, On 19-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 26.03.2020 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 25.02.2021 തീയതിയിലെ II(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 19.05.2021-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

ഷെഡ്യൂൾ ബി 3

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി മുൻ വർഷത്തെ തുകയായ 31396200 തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷത്തെ മൂലധനച്ചെലവുകൾക്ക് തുല്യമായ തുക കൂട്ടിച്ചേർത്തിട്ടില്ല.

ഷെഡ്യൂൾ ബി -5

ലൈഫ് പദ്ധതിക്കായുള്ള KURDFC ലോൺ ഇനത്തിൽ ലോൺ രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് തുക 1734311 ആണ് എന്നാൽ ധനകാര്യ പത്രികയിൽ ഈയിനത്തിൽ 2232978 ആണ് കാണിച്ചിട്ടുള്ളത്.

ഇ എംഎസ് ഭവന പദ്ധതി ലോൺ - രജിസ്റ്ററിലെയും ധനകാര്യപത്രികയിലെയും തുകകൾ തമ്മിൽ 203392 രൂപയുടെ വ്യത്യാസം ഉണ്ട്.

ഷെഡ്യൂൾ ബി -7

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വാട്ടർ ഡെപ്പോസിറ്റ് ഇനത്തിൽ 25600രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ ₹18100 മാത്രമാണ് കാണിച്ചിട്ടുള്ളത്.

182/21-ാം നമ്പർ പ്രോജക്ടിന്റെ റിട്ടെൻഷൻ തുകയായ 42042 രൂപ 12.08.2020ൽ ചെക്ക് നം.67009 പ്രകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ബില്ലിൽനിന്ന് പ്രസ്തുത തുക കുറവുചെയ്തിട്ടുള്ളതിന്റെ വിശദാംശം സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

ഷെഡ്യൂൾ ബി -15 & RP 43

വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ ബി -18

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

നിക്ഷേപ പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, എന്നിവിടങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തത്തുല്യമായ തുക ആസ്തിയിലേക്ക് മാറ്റിയിട്ടില്ല.

ഷെഡ്യൂൾ RP7

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് പദ്ധതി, വോട്ടിംഗ് മെഷീന്റെ ചെലവ് എന്നീയിനങ്ങളിലായി ഉറവിടത്തിൽ നിന്നു കുറവു ചെയ്ത തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.
തൻവർഷം സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുകകൾ അക്കൗണ്ട് ചെയ്തിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7158907 |
| വരവ് | 54136040 |
| ആകെ | 61294947 |
| ചെലവ് | 56357710 |
| നീക്കിയിരിപ്പ് | 4937237 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 8632126 | 8632126 | 8308021 | 324105 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 4281000 | 4281000 | 3776462 | 504538 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 190000 | 190000 | 0 | 190000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 3370000 | 3370000 | 1774429 | 1595571 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | | 0 | 6978760 | 6978760 | 4971349 | 2007411 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3492000 | 3492000 | 3444209 | 47791 |
| മെയിന്റനൻസ്, റോഡ് | | 0 | 16048000 | 16048000 | 16024648 | 23352 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 14383669 | 14383669 | 14383669 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 635 | 647977 | 648612 | 648379 | 233 |
| ICDS | | 708772 | 399238 | 1108010 | 300000 | 808010 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 1539236 | 1500193 | 3039429 | 1363153 | 1676276 |
| വിമുക്തി | | 55500 | 0 | 55500 | 0 | 55500 |
| ജലനിധി | | 252450 | 0 | 252450 | 0 | 252450 |
| സാക്ഷരത | | 2936 | 288 | 3224 | 0 | 3224 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 539745 | 1734371 | 2274116 | 2270366 | 3750 |
| | ബ്ലോക്ക് പഞ്ചായത്ത് | 890317 | 717541 | 1607858 | 1518893 | 88965 |

### ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1) ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഇനം (സോഴ്സ് ഡിഡക്ഷൻ) | കുറവു ചെയ്ത തുക തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 204786 |
| വികസന ഫണ്ട് - ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 744600 |
| വികസന ഫണ്ട് - എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 43882 |

2) വോട്ടിംഗ് മെഷീന്റെ വിലയായി മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ് ഉറവിടത്തിൽ നിന്ന് കുറവു ചെയ്ത 35,319 രൂപ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| (എണ്ണം) | | | | | ശതമാനം |
| 233 | 67919521 | 187 | 44848972 | 46 | 80.26 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 635 | 647977 | 648612 | 648379 | 233 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14383669 | 14383669 | 14383669 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3130600 | 202 |
| വിധവാപെൻഷൻ | 6337400 | 418 |
| വാർദ്ധക്യകാലപെൻഷൻ | 14876500 | 951 |
| വികലാംഗപെൻഷൻ | 2569800 | 167 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 352700 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.04.2022ൽ 3.20 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പായ 9450 രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ കാതലായ പിഴവുകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര മെച്ചപ്പെട്ട നിലയിലല്ല. തനത് വരുമാനം പഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമല്ല. എന്നാൽ വരുമാന വർധനവിന് പഞ്ചായത്ത് രാജ് നിയമം അനുവദിക്കുന്ന സാധ്യതകൾ ഉപയോഗിക്കുന്നില്ല. തെരുവ് വിളക്ക് വൈദ്യുതി ചാർജ്, കുടിവെള്ള ചാർജ് എന്നിവക്ക് വലിയതുക ചെലവിടുമ്പോഴും വസ്തുനികുതിയ്ക്കുമേൽ സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നില്ല. ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ആവർത്തന സ്വഭാവമുള്ള തനത് ചെലവുകളിന്മേലുള്ള നിയന്ത്രണം ഫലപ്രദമല്ല. തെരുവ് വിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ എന്നീ കാര്യങ്ങളിലുള്ള നിയന്ത്രണം ഫലപ്രദമല്ല. വെള്ളക്കരം കുടിശിക രണ്ട് കോടി കഴിഞ്ഞിട്ടും കുടിശിക നിവാരണം ചെയ്യുന്നതിന് നടപടിയില്ല. വെള്ളമില്ലാത്ത/പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നതെന്നും ഇതിന് പരിഹാരം കാണണമെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം എടുത്തെങ്കിലും, സംയുക്തപരിശോധന നടത്തി പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ ഇതേവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പാക്കിയില്ല. ഫിക്സഡ് താരിഫ് സമ്പ്രദായത്തിൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനാൽ ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കും ചാർജ്ജ് ഒടുക്കേണ്ട സ്ഥിതിയിലാണ്. തെരുവ് വിളക്കുകളുടെ പരിപാലനം വ്യവസ്ഥാപിതവും, കാര്യക്ഷമവുമല്ല.

പഞ്ചായത്ത് വാഹനത്തിന്റെ പ്രതിമാസ ചെലവ് നാല്പതിനായിരം രൂപയിലധികമാണ്. തനത് വരുമാന സ്രോതസ്സുകൾ കുറവുള്ള പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വാഹനത്തിന്റെ ഉപയോഗം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ വാഹന ചെലവുകളിന്മേലുള്ള നിയന്ത്രണം തൃപ്തികരമല്ല.

മരാമത്ത് പ്രോജക്ടുകളുടെ നടത്തിപ്പിൽ കാര്യക്ഷമില്ലായ്മയും സമയബന്ധിതമായി നടപ്പാക്കാതിരിക്കലും കണ്ടു വരുന്നു. 68.31 ലക്ഷം രൂപ അടങ്കലുള്ള 27 പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല. പ്രോജക്ടുകൾ യഥാസമയം തയ്യാറാക്കുക, ഭരണ സാങ്കേതിക അനുമതികൾ നേടുക, സമയബന്ധിതമായി നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങൾ

സമയബന്ധിതമായി നടക്കുന്നില്ല. അതുകൊണ്ടു തന്നെ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്മേലുള്ള നിയന്ത്രണ സംവിധാനം തൃപ്തികരമല്ല.

മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. മരണപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്ത വകയിൽ 11 ലക്ഷത്തിൽ അധികം രൂപ സർക്കാർ ഖജനാവിന് നഷ്ടമായതായി ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ വ്യക്തമായി. ക്ഷേമപെൻഷൻ വിതരണ സംവിധാനത്തിന്മേലുള്ള പഞ്ചായത്തിന്റെ നിയന്ത്രണം കാര്യക്ഷമമല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

പൊതു ഭരണവും, ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ) സംബന്ധമായ വർക്കിംഗ് ഗ്രൂപ്പും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും തുടർച്ചയായ നിരീക്ഷണവും വിലയിരുത്തലും നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.02.2022 മുതൽ 19.02.2022 വരെ | 4/2021 – 12/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2017 | 2016-17 | 23.01.2018 |

## 1-11 ചെലവിന് ആനുപാതികമായി വരുമാനമില്ല: പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ദുർബലം

ഗ്രാമപ്പഞ്ചായത്തിന്റെ തനതു വരുമാനം അനിവാര്യ ചെലവുകൾക്ക് തികയുന്നില്ല. നികുതി, നികുതിയേതര വരവുകൾ പിരിച്ചെടുക്കാൻ ശ്രദ്ധിക്കുന്നുണ്ടെങ്കിലും വരുമാനത്തിലെ കുറവ് ധനക്കമ്മിക്ക് കാരണമാകുന്നു. 2020-21ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്തിന്റെ തനതുവരുമാനവും അനിവാര്യ ചെലവുകളും ഇപ്രകാരമാണ്.

| വരവ് | | ചെലവ് | |
|---|---|---|---|
| വരുമാന ഇനം | തുക | ഇനം | തുക |
| നികുതി | 2673574 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 7979651 |
| നികുതിയേതരം | 615414 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 524986 |
| പലിശ | 70689 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2368096 |
| | | ബാങ്ക് ചാർജ് | 1326 |
| ആകെ | 3359677 | ആകെ ചെലവ് | 10874059 |
| | | കുറവ് (3359677 – 10874059) | -7514382 |
| ജനറൽ പർപ്പസ് ഗ്രാന്റ് ലഭിച്ചത് | 7235346 | | |
| ആകെ വരവ് | 10595023 | | |
| ധനക്കമ്മി | | 10595023 – 10874059 = 279036 | |

ജനറൽ പർപ്പസ് ഗ്രാന്റായി 7235346 രൂപ ലഭിച്ചിട്ടും തൻവർഷം ധനക്കമ്മിയാണ്. പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ വിവിധ വർഷങ്ങളിലായി നൽകിയ ഗ്രാന്റുകൾ തനതുഫണ്ടിൽ സൂക്ഷിച്ച് പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കായി ഉപയോഗിച്ചുവരുന്നു. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾ ഉള്ളതിനാൽ വരും വർഷങ്ങളിൽ ധനസ്ഥിതി കൂടുതൽ പരിതാപകരമാകും. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മേഖല പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചു

വസ്തുനികുതി നിർണ്ണയിക്കുന്നതിനായി പഞ്ചായത്ത് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം പ്രഥമ മേഖലയായി നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിലെ ഏതാനം കെട്ടിടങ്ങളെ പ്രഥമ മേഖലയ്ക്ക് പകരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി അനർഹമായി നികുതി ഇളവ് നൽകിയതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു.

ആനിക്കാട് ഗ്രാമപ്പഞ്ചായത്ത് പ്രദേശം പ്രഥമം, ദ്വിതീയം, ത്രിതീയം മൂന്ന് മേഖലകളായി തിരിക്കുന്നതിന് 16.12.2011-ലെ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി IV-ാം നമ്പർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത മേഖലാ വിഭജനം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203 (10)-ാം വകുപ്പ് പ്രകാരം ഗ്രാമപ്പഞ്ചായത്ത് വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് നികുതിയിൽ ഇളവോ വർദ്ധനവോ ഇല്ല. ദ്വിതീയ മേഖലയിലും തൃതീയ മേഖലയിലും ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് യഥാക്രമം 10%, 20% വീതം നികുതിയിൽ ഇളവിന് അർഹതയുണ്ട്.

പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് അനർഹമായി നികുതി ഇളവ് ചെയ്തു നൽകിയതിന് ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിടം സ്ഥിതിചെയ്യുന്ന റോഡിന്റെ തരവും പേരും |
|---|---|---|---|
| 1. | IX/243B | അനിത പ്രസാദ്, കുന്നപ്പള്ളിൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) മുറ്റത്തുമാവ് - ആറമറ്റം റോഡ് |
| 2. | VI/74B | തോമസ് പി ജോൺ, അനിത തോമസ്, പള്ളിത്താഴെ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പിടന്ന പ്ലാവ് - കാടൻകുളം റോഡ് |
| 3. | VI-123B | സജീന അഹമ്മദ്, ഇടത്തറ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പിടന്ന പ്ലാവ് - കാടൻകുളം റോഡ് |
| 4. | VI-82A- | മൈതീൻ റാവുത്തർ, ബുഷറ മൻസിൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പിടന്ന പ്ലാവ് - കാടൻകുളം റോഡ് |
| 5. | VI-90A | കെ.എം.വർഗ്ഗീസ്, സൂസൻ വർഗ്ഗീസ്, തടത്തേൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പിടന്ന പ്ലാവ് - കാടൻകുളം റോഡ് |
| 6. | VI-86A | മനീഷ് മാത്യു, ഇടത്തറ കപ്പക്കാലായിൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പിടന്ന പ്ലാവ് - കാടൻകുളം റോഡ് |
| 7. | II/348A | ഏലിയാമ്മ കുര്യാക്കോസ്, തുണ്ടിയിൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പാതിക്കാട് - കവളിമാവ് റോഡ് |
| 8. | II/348C | രാജൻ റ്റി മാത്യു, തുണ്ടിയിൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പാതിക്കാട് - കവളിമാവ് റോഡ് |
| 9. | II/50A | അരുൺ കെ., ഓളോപ്പറമ്പിൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പാതിക്കാട് - കവളിമാവ് റോഡ് |
| 10. | II/70A | ഐസക്ക് ആന്റ് മറിയാമ്മ ഐസക്ക്, ഏറ്റുകടവിൽ | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) പാതിക്കാട് - കവളിമാവ് റോഡ് |
| 11. | I/46A | ജെസ്സി കുര്യൻ, താഴത്തെ മലയിൽ കരോട്ട് | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) മാരിക്കൽ കവുങ്ങോടിപ്പടി - കുന്നിരിക്കൽ റോഡ് |
| 12. | I/16B | ഏലിയാമ്മ ബേബി, മറ്റത്തിൽ വീട് | (അഞ്ചു മീറ്ററോ അതിൽ കൂടുതലോ) ഗവ.ആശുപത്രിപ്പടി - കൊച്ചുപറമ്പ് റോഡ് |

ഈ വിഷയം 16.04.2022ൽ 29-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-12 എ) ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയം നടത്തുന്നില്ല

ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു പരിശോധന നടത്തുകയോ നികുതി പുന:പരിശോധിക്കുകയോ ചെയ്തിട്ടില്ല. നിലവിലുള്ള കെട്ടിടത്തോടൊപ്പം കൂടുതൽ മുറികൾ കൂട്ടിച്ചേർക്കൽ, കെട്ടിടങ്ങളുടെ മുകളിൽ അധികം

നിലകൾ പണിയൽ, മേൽക്കൂര മാറ്റൽ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സിസ്റ്റം സ്ഥാപിക്കൽ എന്നിവയെല്ലാം പരിശോധിച്ച്, കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

1-12 ബി) സേവന ഉപനികുതി

വസ്തുനികുതിക്കുമേൽ സേവന ഉപനികുതി ചുമത്തുന്നില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 200(2)-ാം വകുപ്പ് പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക് നിശ്ചിത നിരക്കിൽ സേവന ഉപനികുതി ചുമത്താം. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 27-ൽ ഇപ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്ക് അടിസ്ഥാന വസ്തുനികുതിയുടെ പത്ത് ശതമാനമാണെന്ന് പറഞ്ഞിട്ടുണ്ട്. സേവന ഉപനികുതി ഏർപ്പെടുത്തുന്നതിലൂടെ പഞ്ചായത്തിന് അധിക വരുമാനം കണ്ടെത്താവുന്നതാണ്.

## 1-13 ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സംരംഭങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. പ്രസ്തുത തരംതിരിവ് പ്രകാരമുള്ള ഫീസ് ഘടനയും (ചട്ടം-7, പട്ടിക-II) നിർദ്ദേശിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ വിവരം ലൈസൻസിനുള്ള അപേക്ഷയിൽ സംരംഭകർ വ്യക്തമാക്കേണ്ടതും ഇതിനനുസൃതമായി പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്.

2020-21 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എപ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സംരംഭകന്റെ പേര് | സ്ഥാപനം |
|---|---|
| വർഗ്ഗീസ് ഫ്രാൻസിസ് | ബേക്കറി ആന്റ് ബോർമ |
| സെലീന ബീവി | ബിസ്മി പൌൾട്രി ഫാം |
| കെ.ബി.പ്രതിഭകുമാരി | ശ്രീരത്നാ ആയുർവേദിക്സ് |
| സുനോജ് കളരിക്കൽ ഫിലിപ്പ് | ഹന്ന എഗ്ഗ്സ് |
| അൽഫിയ പി ആർ | ഹൈ ടെക്ക് മെഡിക്കൽ ലാബ് |

വേണ്ടത്ര പരിശോധന നടത്താതെ അപേക്ഷ സ്വീകരിക്കുന്നത് ഇത്തരം അപാകതകൾക്ക് ഇടയാക്കുന്നു. ഇതു സംബന്ധിച്ച് 13.04.2022-ൽ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ഇനി മുതൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തുടർനടപടികൾ ത്വരിതഗതിയിലാക്കേണ്ടതാണ്.

റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പട്ടികയിൽ റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ ഉൾപ്പെട്ടിട്ടുണ്ട്. സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ ജില്ലാതല റിപ്പോർട്ട് പ്രകാരം ആനിക്കാട് ഗ്രാമപ്പഞ്ചായത്തിൽ 12 റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഇവ ലൈസൻസ് എടുത്തിട്ടില്ല. ഈ വിഷയം 16.04.2022-ൽ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. റേഷൻ റീട്ടെയ്ൽ ഷോപ്പുടമകൾക്ക് കത്ത് നൽകിയിട്ടുള്ളതായി സെക്രട്ടറി മറുപടി ലഭ്യമാക്കി.

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - നിഷ്ക്രിയമായി കിടക്കുന്നത് 32.79 ലക്ഷം രൂപ

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ, മുൻ വർഷങ്ങളിൽ പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ 32.79 ലക്ഷം രൂപ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അക്കൗണ്ടിൽ അവശേഷിക്കുന്ന തുക (പലിശ ഉൾപ്പെടെ) |
|---|---|---|

| | | |
|---|---|---|
| 1. | ശുചിത്വമിഷൻ ഗ്രാന്റ് | 1676276 |
| 2. | വിമുക്തി | 55500 |
| 3. | ICDS കേന്ദ്രവിഹിതം | 808010 |
| 4. | ജലനിധി | 252450 |
| 5. | കുടുംബശ്രീ ഫണ്ട് | 487733 |
| | ആകെ | 3279969 |

തനതു ഫണ്ടിൽ സൂക്ഷിക്കുന്ന പ്രസ്തുത ഗ്രാന്റ് തുകകൾ പ്രത്യേക അക്കൌണ്ടുകളിലേക്ക് മാറ്റി, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മേഖലകളിലെ പ്രവർത്തനത്തിനായി വിനിയോഗിക്കേണ്ടതും അധികമുള്ള തുക തിരികെ നൽകേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ ഫീസ് 1.89 ലക്ഷം രൂപ തിരികെ ഈടാക്കിയില്ല

ഇ-ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ടിയിരുന്ന 1,88,810 രൂപ പഞ്ചായത്തിന് നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. 2016-17 മുതൽ 2020-21 വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസാണ് കിട്ടാനുള്ളത്.

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി. ടെണ്ടർ ഫീസ് എന്നിവ ഓൺലൈനായി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും 28.09.2013-ലെ ജി.ഒ.(എം.എസ്.)നം.318/2013/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകയാണ് മടക്കി ലഭിക്കാൻ അവശേഷിക്കുന്നത്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 21400 |
| 2017-18 | 17070 |
| 2018-19 | 125320 |
| 2019-20 | 8370 |
| 2020-21 | 16650 |
| ആകെ | 1,88,810 |

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വകമാറ്റുമ്പോൾ മാത്രമാണ് തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരവാകുന്നത്. പഞ്ചായത്തിന് അർഹമായ തുക യഥാസമയം ലഭിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് താല്ക്കാലിക വരവ് നഷ്ടം ഉണ്ടാകുന്നു. കൂടാതെ ഇതിന്മേലുള്ള ബാങ്ക് പലിശയും നഷ്ടമാകുന്നു. ഇ-ടെണ്ടർ ഫീസ് എത്രയും വേഗം പഞ്ചായത്ത് ഫണ്ടിലേക്ക് വകമാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് അരംഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൗണ്ട് തുറന്നിട്ടില്ല. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കുന്ന തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942 /2010/സിഇ തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുറന്നിട്ടില്ല. ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേകം അക്കൗണ്ട് തുറക്കേണ്ടതാണ്.

## 1-16 കാലി ബാരൽ വില ഈടാക്കിയില്ല, 7583 രൂപയുടെ നഷ്ടം

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള രണ്ട് റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. കരാറുകാർ വാങ്ങി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിൻ, ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ. 2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ കാലി ബാരലിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതുമൂലം പഞ്ചായത്ത്

ഫണ്ടിന് 7583 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (Kg.) | | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (238+18% GST) (രൂ.) |
|---|---|---|---|---|---|
| | | ബിറ്റുമിൻ | ഇമൽഷൻ | | |
| 1 | കീഴ്നെല്ലൂർപ്പടി - തേലപ്പുഴകടവ് റോഡ് റീടാറിംഗ് വാർഡ് - 7 (പ്രോ.നം.88) കരാറുകാരൻ - ശ്രീ റ്റിനുമോൻ തോമസ് അടങ്കൽ - ₹300000 ചെലവ് - ₹267746 ബിൽ നം. 20050852011800906422/07.01.2021 എം.ബുക്ക് നം. 6/2020-21 | 2143.01 | 203.39 | 15 | 4213 (3570+643) |
| 2 | കരുമ്പോലി ഇരുപ്പിക്കൽ റോഡ് റീടാറിംഗ് വാർഡ് - 1 (57/21) കരാറുകാരൻ - ശ്രീ ജോൺ സി. തോമസ് അടങ്കൽ - ₹260000 ചെലവ് - ₹213784 ബിൽ നം. - 5037213601200108/07.01.2021 എം. ബുക്ക് നം. 57/21 | 1676.61 | 152.90 | 12 | 3370 (2856+514) |
| | ആകെ | | | | 7583 |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 7583 രൂപ (6426+1157) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ബയോഫ്ലോക്ക് മത്സ്യകൃഷി - അധിക സബ്സിഡി അനുവദിച്ചു

2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോ.നം. 256/21 പ്രകാരം നടപ്പിലാക്കിയ ബയോഫ്ലോക്ക് മത്സ്യകൃഷി പദ്ധതിയ്ക്ക് സബ്സിഡി നൽകിയ ഇനത്തിൽ 5067 രൂപ അധികമായി തദ്ദേശ സ്ഥാപന വിഹിതമായി അനുവദിച്ചു. സബ്സിഡി ഇനത്തിൽ ഗുണഭോക്താവിന് അധികമായി അനുവദിച്ച 5067 രൂപ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-18 വെള്ളക്കര കുടിശിക 2.4 കോടി - കുടിശിക നിവാരണത്തിന് സത്വര നടപടി അനിവാര്യം

മുൻവർഷങ്ങളിൽ പഞ്ചായത്തിന്റെ വെള്ളക്കരം അതത് മാസം ഒടുക്കുവരുത്തിയിരുന്നില്ല. ഇക്കാരണത്താൽ കുടിശ്ശികയും പിഴപലിശയും ഉൾപ്പടെ ഭീമമായ ബാദ്ധ്യതയാണ് പഞ്ചായത്തിന് ഉണ്ടായിട്ടുള്ളത്. ഓഡിറ്റ് തീയതിയിലെ വെള്ളക്കര കടിശ്ശിക 2.4 കോടി രൂപയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.062012-ലെ സ.ഉ.(സാധാ.)നം.1583/12 /തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക വരുത്താൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശമാണ് തനത് ഫണ്ടിന്റെ അഭാവത്തിൽ പഞ്ചായത്തിന് പാലിക്കാൻ കഴിയാതിരുന്നത്.

28.01.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അതാതു മാസം അടവു വരുത്തേണ്ട തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവു വരുത്തുന്നതിന് തീരുമാനം എടുക്കുകയും പ്രോജക്ട് വെച്ച് 2020-21 വർഷം മുതൽ വെള്ളക്കരം അടച്ചുവരുകയും ചെയ്യുന്നുണ്ട്. 103 ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 45063 രൂപയാണ് ചെലവ്. എന്നാൽ വർഷാരംഭത്തിലുണ്ടായിരുന്ന 15256496 രൂപയുടെ കടിശ്ശിക നിവാരണം ചെയ്യുന്നതിന് പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചില്ല. കുടിശ്ശികയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം പിഴ പലിശയാണ് ചുമത്തുന്നത്. പലിശയും കൂട്ടപലിശയും ചേർത്താണ് നിലവിൽ

കുടിശ്ശിക 2.4 കോടി രൂപയായി പെരുകിയിരിക്കുന്നത്. ഓഡിറ്റ് വർഷം മാത്രമായി 4007103 രൂപയാണ് വാട്ടർ അതോറിറ്റി പിഴപലിശ ചുമത്തിയിട്ടുള്ളത്. അതായത് പ്രതിമാസം 3.34 ലക്ഷം രൂപ പിഴപലിശ ഇനത്തിൽ മാത്രം പഞ്ചായത്തിന് അധിക ബാധ്യത ഉണ്ടായി. ഇത് ക്രമാനുഗതമായി വർദ്ധിച്ച് നിലവിൽ പ്രതിമാസ പലിശ ബാധ്യത 4.5 ലക്ഷം കവിഞ്ഞിരിക്കുന്നു.

പഞ്ചായത്തിന്റെ മോശമായ ധനസ്ഥിതി പരിഗണിക്കുമ്പോൾ വാട്ടർ അതോറിറ്റി ചുമത്തിയിട്ടുള്ള വെള്ളക്കര കുടിശ്ശിക പഞ്ചായത്തിന് താങ്ങാവുന്നതിന് അപ്പുറമാണ്. ഇതിനെല്ലാം ഉപരിയായി പഞ്ചായത്തിൽ നിലവിലുള്ള 103 പൊതുടാപ്പുകളിൽ പകുതിയിലധികവും പ്രവർത്തന രഹിതമാണെന്ന് ഓഡിറ്റ് സമാപന യോഗത്തിൽ ഭരണസമിതി അംഗങ്ങൾ അറിയിച്ചു. ഫലത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുകയിൽ ഗണ്യമായ പങ്കം പ്രവൃത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കായിട്ടായതിനാൽ ചെലവിൽ ഫലപ്രാപ്തിയില്ല.

പഞ്ചായത്തിൽ ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അർഹമായ കുടുംബങ്ങൾക്കെല്ലാം ഗാർഹിക കണക്ഷൻ നൽകി പഞ്ചായത്തിലെ എല്ലാ പൊതു ടാപ്പുകളും നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. നിലവിലുള്ള വാട്ടർ ചാർജ്ജ് കുടിശ്ശികയുടെ പിഴപലിശയും, പ്രവർത്തന രഹിതമായ ടാപ്പുകൾക്ക് വാട്ടർ അതോറിറ്റി കാലാകാലങ്ങളായി ചുമത്തികൊണ്ടിരിക്കുന്ന വെള്ളക്കരവും ഒഴിവാക്കി ലഭിക്കുന്നതിനും കുടിശ്ശിക പൂർണ്ണമായും നിവാരണം ചെയ്യുന്നതിനും ഫലപ്രദമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ക്ഷീരവികസന വകുപ്പ് വിഹിതം കൂടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മൂന്ന് ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിന് ഓഡിറ്റ് വർഷം രണ്ട് പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ടി പദ്ധതികൾ പ്രകാരം 2,83,306 ലിറ്റർ പാൽ അളന്നതിന് ആകെ 10,24,835 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഒരു ലിറ്റർ പാലിന് ഗ്രാമപഞ്ചായത്ത് വിഹിതമായി മൂന്നു രൂപയാണ് സബ്സിഡി അനുവദിക്കാവുന്നത്. ഇതിനൊപ്പം ക്ഷീരവികസന വകുപ്പിന്റെ വിഹിതമായി ഒരു രൂപയും ചേർത്ത് പരമാവധി നാലുരൂപ ഒരു ലിറ്റർ പാലിന് സബ്സിഡിയായി കർഷകന് അനുവദിക്കാമെന്നാണ് 14.02.2018 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/2018/തസ്വഭവ നിഷ്കർഷിച്ചിട്ടുള്ളത്. ടി നിർദ്ദേശത്തിനു വിരുദ്ധമായി, ആകെ അളന്ന 2,83,306 ലിറ്റർ പാലിൽ, 1,78,763 ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് സബ്സിഡി അനുവദിച്ചു. ക്ഷീരസഹകരണ സംഘങ്ങൾ വഴി അളന്ന പാലിന്റെ സബ്സിഡിയായി ക്ഷീരവികസനവകുപ്പിന്റെ വിഹിതമായി നൽകേണ്ട 1,78,763 രൂപയാണ് ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചത്. ക്ഷീരവികസനവകുപ്പ് മുഖേന സബ്സിഡിയായി നൽകേണ്ട തുകയുടെ ബാധ്യത ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നത് ആശാസ്യമായ നടപടിയല്ല. മറ്റ് വകുപ്പുകൾ അനുവദിച്ച് നൽകേണ്ടുന്ന തുകയുടെ ബാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ - ആർട്ട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങി

വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (പ്രോ.നം.31/21) വികസനഫണ്ട് ഇനത്തിൽ 1,43,550 രൂപ ചെലവഴിച്ച് ആർട്ട്കോ ലിമിറ്റഡിൽ നിന്ന് 33 കട്ടിലുകൾ നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 4350 രൂപ വിലയുള്ള കട്ടിലുകളാണ് വാങ്ങി വിതരണം ചെയ്തത്. ആർട്ട്കോ ലിമിറ്റഡിൽ നിന്നും ടെണ്ടർ നടപടി കൂടാതെ ഫർണ്ണീച്ചർ വാങ്ങുമ്പോൾ G.O.(Rt)8/2020/SPD Dtd 10.02.20 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾക്ക് ഇളവ് അനുവദിച്ചിട്ടുള്ള ഫർണ്ണീച്ചർ മാത്രമാണ് വാങ്ങാൻ കഴിയുക. വാർഷിക പദ്ധതിയുടെ ഭാഗമായി വാങ്ങിയ കട്ടിലിന്റെ സ്പെസിഫിക്കേഷൻ, വില എന്നിവ പ്രസ്തുത ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടില്ല. ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഫർണ്ണീച്ചർ ആർട്ട്കോയിൽ നിന്ന് വാങ്ങുമ്പോൾ ടെണ്ടർ നടപടികൾ പാലിച്ച് മാത്രം വാങ്ങുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി (പ്രോജക്ട് നം.61/21) ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 1,81,780 രൂപ (ബിൽ നം.21/27.03.21, 23/27.02.21) KMSCL-ന് മുൻകൂറായി നൽകിയിട്ടുണ്ട്. ഇതിൽ 78,886 രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമായത്. അവശേഷിക്കുന്ന 1,02,894 രൂപയുടെ മരുന്ന് ലഭ്യമാകുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ഇൻഫർമേഷൻ കേരള മിഷന് പ്രവർത്തനഫണ്ട് നൽകുന്നതിനായി (പ്രോ.നം.08/21) പൊതു വിഭാഗം വികസനഫണ്ട് ഇനത്തിൽ 46,989 രൂപയും (ബിൽ നം.35/22.09.2020) സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തനഫണ്ട് നൽകുന്നതിനായി (പ്രോ.നം.09/21) പൊതു വിഭാഗം വികസനഫണ്ട് ഇനത്തിൽ 50,000 രൂപയും (ബിൽ നം.46/09.11.2020) അനുവദിച്ച് നൽകിയിട്ടുണ്ട്. ഇൻഫോർമേഷൻ കേരള മിഷന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും സാമൂഹ്യ സുരക്ഷാ മിഷന് നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമായിട്ടില്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/18.04.2022) മറുപടി ലഭ്യമാക്കിയില്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-23 പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചില്ല – കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ സപ്ലിമെന്ററി കരാർ ചമക്കുകയോ, പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖാന്തിരം അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC-യുടെ 1% ഫൈൻ ഈടാക്കി കൊണ്ട് (കുറഞ്ഞത് ₹1000, പരമാവധി ₹50000) പൂർത്തീകരണ കാലാവാധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം (കുറഞ്ഞത് ₹2000, പരമാവധി ₹100000). എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ (PWD മാന്വൽ സെക്ഷൻ 2112). പിഴ ഈടാക്കി കരാർ കാലയളവ് ദീർഘിപ്പിച്ചു നൽകാതിരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പി.എ.സി. | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1. | PHC കിണർ അറ്റകുറ്റപ്പണി, പുതിയ ബോർവെൽ നിർമ്മാണം, പമ്പ് സ്ഥാപിക്കൽ (139/19)<br>കരാറുകാരൻ - ശ്രീ സുരേഷ് കുമാർ<br>അടങ്കൽ - ₹200000<br>കരാർ നം. 41/2018-19 /AE/LSGD/ACD, Dtd. 29.08.2018<br>കരാർ കാലാവധി - 4 മാസം<br>എം.ബുക്ക് നം.41/2018-19 | 184717 | 28.12.2018 | 20.03.2020 | 5542 | 2000 | 3542 |
| 2. | പാമ്പോത്തുപ്പടി - പൊയ്കയിൽപ്പടി റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 12 (132/21)<br>കരാറുകാരൻ - ശ്രീ ലിജോ സാം വർഗ്ഗീസ്<br>അടങ്കൽ - ₹100000<br>കരാർ നം.35/20-21 | 100000 | 06.11.2020 | 09.03.21 | 3000 | 0 | 3000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | /AE/LSGD/ACD, Dtd. 07.07.2020<br>കരാർ കാലാവധി – 4 മാസം<br>എം.ബുക്ക് നം. 35/20-21 | | | | | | |
| | ആകെ | | | | | | 6542 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പ്രകാരമുള്ള പിഴ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## 1-24 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കണം

വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിവരം | ചെലവ് തുക | വിനിയോഗ സാക്ഷ്യപത്രം |
|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ, SO 264/21 അടങ്കൽ തുക – 71,340 (CFC Grant) | 71,340 ബിൽ നം. 55/12.01.2021 | ആകെ ഡെപ്പോസിറ്റ് തുകയായ 10,59,340 രൂപയിൽ 8,71,412 രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 1,87,928 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു. |
| 2 | പൈപ്പ് ലൈൻ നീട്ടൽ, SO 278/21 അടങ്കൽ തുക – 9,88,000 (CFC Grant) | 9,88,000 ബിൽ നം. 54/12.01.2021 | |
| 3 | പൈപ്പ് ലൈൻ നീട്ടൽ, SO 60/21 അടങ്കൽ തുക – 1,50,000 (CFC Grant) | 1,50,000 ബിൽനം. 29/14.09.2020 | ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

പദ്ധതി പൂർത്തീകരണത്തിന് ശേഷം കേരള വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന 1,87,928 രൂപ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ആവശ്യമായ ക്രമീകരണം വരുത്തേണ്ടതാണ്.

## 1-25 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടപ്പിൽ വരുത്തിയില്ല; ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ്ജ് ഒടുക്കുന്നു;

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷം 7,12,659 രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഫിക്സഡ് താരിഫ് സമ്പ്രദായത്തിൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനാൽ ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് ചാർജ്ജ് ഒടുക്കേണ്ട സ്ഥിതിയാണുള്ളത്. ഓർഡിനറി ബൾബുകൾ നിശേഷം മാറ്റി തൽസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളാണ് തെരുവ് വിളക്ക് കത്തിക്കുന്നതിന് നിലവിൽ പഞ്ചായത്ത് ഉപയോഗിക്കുന്നതെങ്കിലും വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച ഓർഡിനറി ബൾബുകൾക്ക് ബാധകമായ നിരക്കിലാണ് ഇപ്പോഴും കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നത്. 40 വാട്സിന്റെ 347 ഓർഡിനറി ബൾബുകൾക്ക് ഇപ്രകാരം 22,902 രൂപ പ്രതിമാസം കെ.എസ്.ഇ.ബി. ഈടാക്കിവരുന്നത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്.

കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകളുടെ താരിഫ് മുൻകാല പ്രാബല്യത്തിൽ ഒഴിവാക്കുന്നതിനും അധികം ഈടാക്കിയ വൈദ്യുതി ചാർജ്ജ് തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഫലപ്രദമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഒടുക്കുകയാണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകുന്നതുമൂലമുള്ള ഗണ്യമായ നഷ്ടം പഞ്ചായത്തിന് ഒഴിവാക്കാവുന്നതാണ്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി ഈ ഇനത്തിലുള്ള പാഴ്ചെലവ് ഒഴിവാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ഹരിത കർമ്മസേന പ്രവർത്തനം നിർജ്ജീവം

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജലവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരള മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധാ.)നം.2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ 26 പേരടങ്ങിയ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഇതിന്റെ പ്രവർത്തനം നിർജ്ജീവമാണ്. 2018-19-ൽ 8.7 ലക്ഷം രൂപ ചെലവഴിച്ച് നൂറോമ്മാവ് ജംഗ്ഷന് സമീപം പഞ്ചായത്ത് എം.സി.എഫ്. കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലെ 13 വാർഡുകളിലും മിനി എം.സി.എഫു-കൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് പദ്ധതി രൂപീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഹരിത കർമ്മ സേന പ്രവർത്തനം നിർത്തിയതോടെ ഇതുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിട്ടുള്ള പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണ്. മാത്രവുമല്ല ഹരിത കർമ്മ സേന മുമ്പ് എം.സി.എഫി-ൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാതെ കെട്ടികിടക്കുകയുമാണ്.

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുക, ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുക, കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, നിയമലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഹരിത കർമ്മസേനയെ പുന:സംഘടിപ്പിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-27 മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല; സർക്കാർ ഖജനാവിന് 11.17 ലക്ഷം രൂപയുടെ നഷ്ടം

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ മരണപ്പെട്ട 47 പേരുടെ അക്കൗണ്ടിലേക്ക് തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്യുന്നതായി വ്യക്തമായി. ഈ ഇനത്തിൽ 11.17 ലക്ഷം രൂപ പൊതു ഖജനാവിന് നഷ്ടമായിട്ടുണ്ട്. മരണശേഷവും അക്കൗണ്ടിലേക്ക് പെൻഷൻ നൽകിയതായി കണ്ട ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷണറുടെ മരണശേഷം അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | ഇട്ടി .ഐപ്പ് വർഗീസ് | 103720100159 | വാർദ്ധക്യകാല പെൻഷൻ | 30/09/2021 | 10/21 – 04/22 | 11200 |
| 2 | തങ്കപ്പൻ | 103720200108 | വാർദ്ധക്യകാല പെൻഷൻ | 22/05/2017 | 06/17 – 07/19 | 36600 |
| 3 | തങ്കപ്പൻ പി വി | 103720200685 | വാർദ്ധക്യകാല പെൻഷൻ | 24/10/2020 | 11/20 – 09/21 | 16900 |
| 4 | പി.പി എബ്രഹാം | 103720400056 | ഡിസബിലിറ്റി പെൻഷൻ | 20/07/2016 | 08/16 – 07/19 | 39200 |
| 5 | എബ്രഹാം അവിരാ | 103720200314 | വാർദ്ധക്യകാല പെൻഷൻ | 12/03/2021 | 04/21 - 04/22 | 20800 |
| 6 | ജോൺ പൌലോസ് | 103720201504 | വാർദ്ധക്യകാല പെൻഷൻ | 14/11/2021 | 12/21 – 04/22 | 8000 |

| | | | | | | |
|---|---|---|---|---|---|---|
| 7 | മറിയാമ്മ തോമസ് | 103720201000 | വാർദ്ധക്യകാല പെൻഷൻ | 11/01/2020 | 02/20 – 04/22 | 41800 |
| 8 | കുരുവിള തോമസ് | 103720200184 | വാർദ്ധക്യകാല പെൻഷൻ | 18/02/2019 | 03/19 – 7/19 | 7500 |
| 9 | ജഗദമ്മ | 103720200039 | വാർദ്ധക്യകാല പെൻഷൻ | 08/04/2019 | 05/19 – 07/19 | 4500 |
| 10 | മാത്യു ഇ.ഐ | 103720100157 | കർഷക തൊഴിലാളി പെൻഷൻ | 10/11/2020 | 12/20 – 04/22 | 26700 |
| 11 | കൃഷ്ണൻ നാരായണയൻ | 103720200488 | വാർദ്ധക്യകാല പെൻഷൻ | 29/09/2020 | 10/20 - 01/21 | 6000 |
| 12 | ശാന്തകുമാരിയമ്മ | 103720600086 | വിധവ പെൻഷൻ | 26/08/2020 | 09/20 – 01/21 | 22000 |
| 13 | അന്നമ്മ ഏബ്രഹാം | 103720600226 | വിധവ പെൻഷൻ | 25/09/2020 | 10/20 – 04/22 | 29500 |
| 14 | ശാന്തമ്മ ഗോപാലൻ | 103720600404 | വിധവ പെൻഷൻ | 08/10/2020 | 11/20 - 04/22 | 28100 |
| 15 | ശാമുവേൽ ഏബ്രഹാം | 103720200845 | വാർദ്ധക്യകാല പെൻഷൻ | 26/10/2020 | 11/20 - 01/21 | 4500 |
| 16 | ശോശാമ്മ ചാക്കോ | 103720200356 | വാർദ്ധക്യകാല പെൻഷൻ | 28/09/2020 | 11/20 – 04/22 | 28300 |
| 17 | ജോസഫ് | 103720200879 | വാർദ്ധക്യകാല പെൻഷൻ | 24/10/2020 | 11/20 - 01/21 | 4500 |
| 18 | തങ്കപ്പൻ പി വി | 103720200685 | വാർദ്ധക്യകാല പെൻഷൻ | 24/10/2020 | 11/20 - 09/21 | 16900 |
| 19 | ചെല്ലപ്പൻ എൻ ജി | 103720200721 | വാർദ്ധക്യകാല പെൻഷൻ | 24/07/2020 | 08/20 - 04/22 | 30900 |
| 20 | ഗോപിനാഥൻനായർ | 103720200754 | വാർദ്ധക്യകാല പെൻഷൻ | 16/07/2020 | 08/20 - 04/22 | 32200 |
| 21 | രവീന്ദ്രപ്പണിക്കർ | 103720200151 | വാർദ്ധക്യകാല പെൻഷൻ | 19/07/2020 | 08/20 – 04/22 | 32200 |
| 22 | വർഗ്ഗീസ് തോമസ് | 103720201066 | വാർദ്ധക്യകാല പെൻഷൻ | 06/07/2020 | 08/20 – 04/22 | 32800 |
| 23 | ബാലകൃഷ്ണൻ എം എം | 103720200574 | വാർദ്ധക്യകാല പെൻഷൻ | 23/01/2020 | 02/20 – 10/20 | 13500 |
| 24 | മറിയാമ്മ തോമസ് | 103720201000 | വാർദ്ധക്യകാല പെൻഷൻ | 11/01/2020 | 02/20 – 04/22 | 41800 |
| 25 | കെ.എൻ.ചന്ദ്രൻ | 103720400094 | ഡിസബിലിറ്റി പെൻഷൻ | 28/01/2020 | 02/20 – 04/22 | 39800 |
| 26 | ബിനോ പി ഫിലിപ്പ് | 103720400181 | ഡിസബിലിറ്റി പെൻഷൻ | 31/01/2020 | 02/20 – 04/22 | 39800 |
| 27 | ഫാത്തിമാ ബീവി | 103720200107 | വാർദ്ധക്യകാല പെൻഷൻ | 16/02/2020 | 03/20 - 06/20 | 5100 |
| 28 | ദേവകിയമ്മ | 103720600432 | വിധവ പെൻഷൻ | 03/04/2020 | 05/20 – 04/22 | 36100 |
| 29 | സരസമ്മ | 103720200753 | വാർദ്ധക്യകാല പെൻഷൻ | 03/05/2020 | 06/20 – 04/22 | 34800 |
| 30 | വർഗ്ഗീസ് മത്തായി | 103720200989 | വാർദ്ധക്യകാല പെൻഷൻ | 07/04/2020 | 05/20 – 04/22 | 36100 |
| 31 | ആനി മത്തായി | 103720200348 | വാർദ്ധക്യകാല പെൻഷൻ | 09/05/2020 | 06/20 – 04/22 | 35800 |
| 32 | ഫിലിപ്പോസ് ഔസേപ്പ് | 103720200443 | വാർദ്ധക്യകാല പെൻഷൻ | 12/06/2020 | 07/20 – 04/22 | 33500 |
| 33 | കുഞ്ഞൂഞ്ഞ് | 103720201057 | വാർദ്ധക്യകാല പെൻഷൻ | 21/03/2020 | 04/20 - 04/22 | 38800 |
| 34 | മേരി ജോൺ | 103720200015 | വാർദ്ധക്യകാല പെൻഷൻ | 21/12/2020 | 01/21 – 04/22 | 25300 |
| 35 | സദാശിവൻ പിള്ള കെ ബി | 103720201511 | വാർദ്ധക്യകാല പെൻഷൻ | 07/11/2020 | 12/20 – 04/22 | 17600 |
| 36 | ജോർജ് വർഗീസ് | 103720200576 | വാർദ്ധക്യകാല പെൻഷൻ | 11/11/2020 | 12/20 – 01/21 | 3000 |

| | | | | | | |
|---|---|---|---|---|---|---|
| 37 | ശോശാമ്മ ഔസേപ്പ് | 103720200710 | വാർദ്ധക്യകാല പെൻഷൻ | 29/11/2020 | 12/20 – 04/22 | 26800 |
| 38 | ത്രേസ്യാമ്മ ഐസക്ക് | 103720200788 | വാർദ്ധക്യകാല പെൻഷൻ | 05/11/2020) | 12/20 – 04/22 | 26800 |
| 39 | വി.എസ്സ്. പാപ്പി | 103720100311 | വാർദ്ധക്യകാല പെൻഷൻ | 24/01/2021 | 02/21 – 04/22 | 26700 |
| 40 | തോമസ് വർഗ്ഗീസ് | 103720201006 | വാർദ്ധക്യകാല പെൻഷൻ | 02/02/2021 | 03/21 – 04/22 | 22300 |
| 41 | പങ്കജാക്ഷിയമ്മ | 103720600045 | വാർദ്ധക്യകാല പെൻഷൻ | 27/01/2021 | 02/21 – 04/22 | 23800 |
| 42 | എൻ.എച്ച് ലൂക്കോസ് | 103720100289 | കർഷക തൊഴിലാളി പെൻഷന് | 07/02/2021 | 03/21 – 04/22 | 22300 |
| 43 | ലീലാമ്മജോൺ | 103720400088 | ഡിസബിലിറ്റി പെൻഷൻ | 08/03/2021 | 04/21 – 04/22 | 22200 |
| 44 | യോഹന്നാൻ ജോൺ | 103720200525 | വാർദ്ധക്യകാല പെൻഷൻ | 10/03/2021 | 04/21 – 04/22 | 20800 |
| 45 | എബ്രഹാം അവിരാ | 103720200314 | വാർദ്ധക്യകാല പെൻഷൻ | 12/03/2021 | 04/21 – 04/22 | 20800 |
| 46 | ജോൺ തോമസ് | 103720200596 | വാർദ്ധക്യകാല പെൻഷൻ | 13/03/2021 | 04/21 – 04/22 | 20800 |
| 47 | തങ്കമ്മ | 103720201416 | വാർദ്ധക്യകാല പെൻഷൻ | 16/03/2021 | 04/21 | 1600 |
| | ആകെ | | | | | 1117000 |

മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള മുഴുവൻ പെൻഷൻ തുകയും അവരുടെ അനന്തരാവകാശികളിൽ നിന്നും തിരികെ പിടിക്കാൻ സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി ധനവകുപ്പ് നൽകിയിരുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാലാണ് മേൽപറഞ്ഞ പ്രകാരമുള്ള സാമ്പത്തിക നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുള്ളത്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണേഴ്സിന്റെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന.തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

നിലവിൽ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് 'സേവന സിവിൽ രജിസ്ട്രേഷൻ' വെബ്സൈറ്റിൽ ലഭ്യമായ മരണ രജിസ്ട്രേഷൻ ഡാറ്റയുമായി താരതമ്യം ചെയ്ത് മരണപ്പെട്ട എല്ലാവരെയും ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 മരണപ്പെട്ടവരെ ആക്ടീവ് പെൻഷണേഴ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയില്ല – പെൻഷൻ അക്കൗണ്ടിലേക്ക് തുടർന്നും പെൻഷൻ തുക ട്രാൻസ്ഫർ ചെയ്യുന്നു

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, 2019 മുതൽ 2021 വരെ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും ഈ കാലയളവിൽ മരണപ്പെട്ടുപോയ 29-ൽ പരം ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ ഇപ്പോഴും സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതായി വ്യക്തമായി. ഇവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐ.ഡി. | പെൻഷണറുടെ പേര് | മരണപ്പെട്ട തീയതി | |
|---|---|---|---|---|
| 1. | 103720200013 | കെ.ഇ.ഇട്ടി | 26/05/2019 | ഡയറക്റ്റ് റ്റു ഹോം |
| 2. | 103720201198 | തങ്കപ്പൻ | 08/11/2019 | ഡയറക്റ്റ് റ്റു ഹോം |

| | | | | |
|---|---|---|---|---|
| 3. | 103720100281 | ജോൺ പി.എസ് | 12/10/2019 | എസ്.ബി.റ്റി. 67205739112 |
| 4. | 103720200196 | കൃഷ്ണപിള്ള കെ പി | 24/08/2019 | കാത്തോലിക് സിറിയൻ ബാങ്ക് 017002226617190001 |
| 5. | 103720200022 | ഗോപലകൃഷ്ണൻ നായർ | 26/09/2019 | ഡയറക്റ്റ് റ്റു ഹോം |
| 6. | 103720600251 | ഭവാനിയമ്മ | 04/04/2020 | ഡയറക്റ്റ് റ്റു ഹോം |
| 7. | 103720200409 | പൊന്നമ്മ | 07/11/2020 | ഡയറക്റ്റ് റ്റു ഹോം |
| 8. | 103720600225 | മറിയാമ്മ ചാക്കോ | 06/06/2018 | ഡയറക്റ്റ് റ്റു ഹോം |
| 9. | 103720200367 | മറിയാമ്മ ആൻറണി | 31/10/2019 | സൌത്ത് ഇന്ത്യൻ ബാങ്ക് 0314053000011086 |
| 10. | 103720201166 | ജോസഫ് | 23/08/2019 | ഡയറക്റ്റ് റ്റു ഹോം |
| 11. | 103720200039 | ജഗദമ്മ | 08/04/2019 | കാത്തോലിക് സിറിയൻ ബാങ്ക് 017003226903190701 |
| 12. | 103720201064 | അന്നമ്മ ജോർജജ് | 26/03/2019 | ഡയറക്റ്റ് റ്റു ഹോം |
| 13. | 103720200636 | ചന്ദ്രശേഖരൻ പിള്ള | 19/06/2019 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67304647560 |
| 14. | 103720100359 | സാറാമ്മ | 30/07/2019 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ 543502010002558 |
| 15. | 103720201166 | ജോസഫ് | 23/08/2019 | ഡയറക്റ്റ് റ്റു ഹോം |
| 16. | 103720100123 | അച്ചാമ്മ ഐപ്പ് | 09/10/2019 | ഡയറക്റ്റ് റ്റു ഹോം |
| 17. | 103720200085 | സരോജിനികുട്ടൻ | 03/11/2019 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67328698802 |
| 18. | 103720600230 | തങ്കമ്മ | 04/11/2019 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67160987302 |
| 19. | 103720201214 | പ്രസന്നൻ | 30/11/2019 | സൌത്ത് ഇന്ത്യൻ ബാങ്ക് 0314053000009457 |
| 20. | 103720200037 | ദാമോദരൻ | 21/08/2020 | ഡയറക്റ്റ് റ്റു ഹോം |
| 21. | 103720200114 | അഴകൻ കുഞ്ഞൂഞ്ഞ് | 29/09/2020 | ഡയറക്റ്റ് റ്റു ഹോം |
| 22. | 103720100032 | കുഞ്ഞ്പെണ്ണ് | 02/10/2020 | ഡയറക്റ്റ് റ്റു ഹോം |
| 23. | 103720100029 | തങ്കമ്മ രാജപ്പൻ | 01/04/2020 | ഡയറക്റ്റ് റ്റു ഹോം |
| 24. | 103720200690 | അന്നമ്മ വർഗീസ് | 27/03/2020 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67208260489 |
| 25. | 103720100282 | അബ്ദുൾഅസീസ് | 12/05/2020 | ഡയറക്റ്റ് റ്റു ഹോം |
| 26. | 103720600251 | ഭവാനിയമ്മ | 04/04/2020 | ഡയറക്റ്റ് റ്റു ഹോം |
| 27. | 103720200875 | അന്നമ്മ കുര്യൻ | 28/06/2020 | ഡയറക്റ്റ് റ്റു ഹോം |
| 28. | 103720100024 | റ്റി.എം ഏലിയാമ്മ | 22/01/2021 | ഡയറക്റ്റ് റ്റു ഹോം |
| 29. | 103720100116 | കുഞ്ഞമ്മ | 08/03/2021 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67356903919 |

സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ 'ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പെൻഷൻ തുക കൈമാറിയിട്ടില്ല' എന്ന് ഡി.ബി.റ്റി.-യിൽ ബാങ്ക് അധികൃതർ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന 28/09/2019-ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശം പാലിക്കാത്തതിനാൽ സർക്കാർ ഫണ്ട് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇങ്ങനെ സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക തിരികെ ഒടുക്കിയത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്ത് വാങ്ങി സൂക്ഷിച്ചിരുന്നില്ല.

പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ കൃത്യമായി അറിയിക്കേണ്ടതും, തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന ആനിക്കാട് സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് മരണപ്പെട്ടവരുടെ വിവരം പഞ്ചായത്തിനെ അറിയിക്കുന്നില്ല.

ബാങ്ക് മുഖേന പെൻഷൻ വാങ്ങി വന്ന ചില ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാലും, ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതിനാലും ഇവരുടെ പെൻഷൻ ബാങ്കുകൾ തടഞ്ഞ് വച്ചിട്ടുണ്ട്. ഇത്തരം ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നത് മൂലം തുടർന്നും ബന്ധപ്പെട്ട ബാങ്കുകൾക്ക് പെൻഷൻ തുക കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ ബാങ്കുകളുടെ പക്കൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയത് സംബന്ധിച്ച രേഖകളും പഞ്ചായത്ത് വാങ്ങി സൂക്ഷിച്ചിട്ടില്ല.

വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടച്ചതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ബാങ്കുകളിൽനിന്നും ലഭ്യമാക്കി തിരിച്ചടച്ച തുകയുടെ കൃത്യത ബോധ്യപ്പെടേണ്ടതാണ്.

മരണപ്പെട്ടവരേയും, അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെ (നം.67/2020/ധന,തീ.05.11.2020, നം.63/2021/ധന, തീ.02.08.2021) നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിക്കാതിരുന്നതാണ് സർക്കാർ ഖജനാവിന് മേൽ പറഞ്ഞപ്രകാരം വൻ ബാധ്യത വരുത്തുന്നതിന് ഇടയാക്കിയിട്ടുള്ളത്. മരണപ്പെട്ടവരെയും, അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിനാവശ്യമായ സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-29 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 30.71 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പാക്കിയില്ല

2020-21 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 8 പ്രോജക്ടുകൾ നടപ്പിലാക്കാതെ പ്രോജക്ടുകൾക്ക് വകയിരുത്തിയിരുന്ന 30.71 ലക്ഷം രൂപ ലാപ്സാക്കി. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | ഫണ്ട് ഇനം | വകയിരുത്തിയ തുക | അടങ്കൽ തുക |
|---|---|---|---|---|---|
| 1 | 38 | ലൈഫ് ഭവന നിർമ്മാണം | വികസന ഫണ്ട് (ജനറൽ) | 107500 | 257500 |
| | | | ടി.എഫ്.സി. | 150000 | |
| 2 | 40 | എസ്.സി.കുട്ടികൾക്ക് പഠനോപകരണം | എസ്.സി.പി. | 260000 | 260000 |
| 3 | 44 | യുവാക്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം | വികസന ഫണ്ട് (ജനറൽ) | 20000 | 20000 |
| 4 | 49 | വനിതകൾക്ക് സ്വയം തൊഴിൽ | വികസന ഫണ്ട് (ജനറൽ) | 42500 | 42500 |
| 5 | 54 | തോട് ശുചീകരണം | ടി.എഫ്.സി. | 301060 | 901060 |
| | | | കേന്ദ്രാവിഷ്കൃതം | 600000 | |
| 6 | 254 | മാലിന്യ സംസ്കരണം ബയോ കമ്പോസ്റ്റർ ബിൻ | ടി.എഫ്.സി. | 972000 | 1080000 |
| | | | മറ്റുള്ളവ | 108000 | |
| 7 | 255 | പൊതു കുടിവെള്ളക്കിണർ ശുചീരണം | ടി.എഫ്.സി. | 100000 | 100000 |
| 8 | 282 | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വാസയോഗ്യമാക്കൽ | ടി.എസ്.പി. | 190000 | 190000 |
| 9 | 223 | കിണർ വട്ടം കെട്ടൽ - എസ്.സി. (SO) | എസ്.സി.പി. | 220000 | 220000 |
| | | ആകെ | | | 3071060 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാതെ പ്രോജക്ടുകൾക്ക് വകയിരുത്തുന്ന ഫണ്ട് ലാപ്സായിപോകുന്നതിൽ അർഹിക്കുന്ന ഗൗരവം നല്കുന്നില്ലായെന്നത് വീഴ്ചയാണ്. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലുള്ള വീഴ്ച്ച് ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് ഭരണ സമിതിയ്ക്കും തുല്യ ഉത്തരവാദിത്വമാണുള്ളത്. എസ്.സി. കുട്ടികൾക്ക് പഠനോപകരണം (40/21), പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വീട് വാസയോഗ്യമാക്കൽ (282/21) എന്നീ പദ്ധതികൾ ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ലാതിരുന്നതിനാലാണ് നടപ്പിലാക്കാൻ

കഴിയാതിരുന്നതെന്ന് ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ക്ലബ്ബുകളില്ലാത്തതിനാലാണ് നടപ്പിലാക്കാൻ കഴിയാതിരുന്നതെന്നും, തോട് ശുചീകരണത്തിന് 9 ലക്ഷം രൂപ വകയിരുത്തിയ പദ്ധതി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് സാങ്കേതികമായി നടപ്പിലാക്കാൻ കഴിയാത്ത പദ്ധതിയായിരുന്നുവെന്നും ഇത് സംബന്ധിച്ച് കാലേക്കുട്ടി പഞ്ചായത്തിന് കത്ത് നൽകിയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചു. 10.8 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന മാലിന്യ സംസ്കരണ പദ്ധതി ഉൾപ്പടെയുള്ള മറ്റ് പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന് വ്യക്തമായ കാരണം ബോധിപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സാധിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിലേക്ക് വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 ഇല്ലാത്ത വൈദ്യുതി കുടിശിക ഒടുക്കി

ആനിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ 01.03.2020 മുതൽ 02.05.2020 വരെ കാലയളവിലെ വൈദ്യുതി ചാർജ്ജ് 20346 രൂപ 12.05.2020-ലെ 22000073 നമ്പർ വൗച്ചർ പ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്. ബിൽ പരിശോധിച്ചതിൽ 10911 രൂപ കുടിശിക ഇനത്തിൽ ബില്ലിൽ ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഓഫീസിന്റെ മുൻ മാസങ്ങളിലെ വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഇല്ലാതെ ഒടുക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ 10911 രൂപ കെ.എസ്.ഇ.ബി. കുടിശ്ശിക ഇനത്തിൽ ഈടാക്കിയിട്ടുള്ളത് ക്രമപ്രകാരമല്ല. പഞ്ചായത്ത് ദ്വൈമാസം ശരാശരി അടച്ചു വന്നിരുന്ന വൈദ്യുതി ചാർജ്ജിനേക്കാൾ കൂടിയ തുകയുള്ള ബിൽ ലഭിച്ചെങ്കിലും ഉയർന്ന വൈദ്യുതി ബില്ലിന്റെ കാരണം അന്വേഷിക്കാതെ ബിൽ തുക ഒടുക്കിയ പഞ്ചായത്തിന്റെ നടപടി അംഗീകാര്യമല്ല. കുടിശിക ഇനത്തിൽ ഒടുക്കിയ 10911 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് എന്ത് അടിസ്ഥാനത്തിലാണ് ഇപ്രകാരം കുടിശിക ഈടാക്കിയിട്ടുള്ളതെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-31 തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് യഥാസമയം ഒടുക്കുവരുത്തിയില്ല – പിഴ പലിശ ഇനത്തിൽ പഞ്ചായത്തിന് അധിക ബാദ്ധ്യത

2020 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് 09.11.20-ലെ 22000492 നമ്പർ വൗച്ചർ പ്രകാരമാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. പ്രതിമാസം 53,255 രൂപ വീതം രണ്ട് മാസത്തെ വൈദ്യുതി ചാർജ്ജ് 1,06,510 രൂപയും, സെപ്റ്റംബർ മാസത്തെ ചാർജ്ജ് വൈകി ഒടുക്കിയ ഇനത്തിലുള്ള പിഴ പലിശ 5,570 രൂപയും ഉൾപ്പടെ 1,12,080 രൂപയാണ് കെ.എസ്.ഇ.ബി. ഡിമാന്റ് ചെയ്തിരുന്നത്. എന്നാൽ പിഴ പലിശ ഒഴിവാക്കി ഫിക്സഡ് ചാർജ്ജ് മാത്രമാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. യഥാസമയം ബിൽ അടയ്ക്കാതിരുന്നതു മൂലമുണ്ടായിട്ടുള്ള പലിശ ബാധ്യത എപ്രകാരം ക്രമീകരിച്ചുവെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/12.04.22) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് ആവശ്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 ആസ്തി രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിചേർത്ത് കുറ്റമറ്റതാക്കി പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കി പുതുക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിക്കാണ്. ഓരോ വർഷവും മെയ് 15-നകം മുൻവർഷത്തെ ആസ്തികളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിച്ച് സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ് [(സ.ഉ.)നം.212/2012/തസ്വഭവ, തീ.06.08.2012]. 2012-ൽ ഡിജിറ്റലൈസ് ചെയ്ത് തയ്യാറാക്കിയിട്ടുള്ള ആസ്തി രജിസ്റ്റർ പിന്നീട് സമഗ്രമായി പുതുക്കിയിട്ടില്ല.

ഒരു പഞ്ചായത്തിലെ പൊതു സ്ഥലങ്ങളെ കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നത് പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിലാണ്. ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനും ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലികമായ മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-33 ആശ്രയ പദ്ധതി, കുടുംബശ്രീയ്ക്ക് റിവോൾവിംഗ് ഫണ്ട് - വികസനഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ആശ്രയ പദ്ധതിയുടെ മൂന്നാം ഘട്ടമായി നടപ്പിലാക്കി വരുന്ന അഗതിരഹിത കേരളം പദ്ധതിയ്ക്കായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വാർഷിക പദ്ധതിയുടെ ഭാഗമായി അനുവദിച്ച 5 ലക്ഷം രൂപയടക്കം 12.78 ലക്ഷം രൂപയും കുടുംബശ്രീ റിവോൾവിംഗ് ഫണ്ടായിട്ടാണ് ഉപയോഗിച്ചത് 2019-20 സാമ്പത്തിക വർഷം വാർഷിക പദ്ധതിയുടെ ഭാഗമായി അനുവദിച്ച 2 ലക്ഷം രൂപയും നിർദ്ദിഷ്ട പ്രവൃത്തികൾക്കായി ചെലവഴിക്കാതെ കുടുംബശ്രീയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വികസനഫണ്ട് പിൻവലിച്ച് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് നിലവിലുള്ള ധനവിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത തുകകൾ നിർദ്ദിഷ്ട പ്രവൃത്തികൾക്കായി ചെലവഴിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലി ബാരൽ വില ഈടാക്കിയില്ല, 7587 രൂപയുടെ നഷ്ടം

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. കരാറുകാർ വാങ്ങി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിൻ, ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ കാലി ബാരലിന്റെ വില കരാറുകാരിൽനിന്നും ഈടാക്കേണ്ടതായിരുന്നു. ബാരൽ വലി ഈടാക്കാതിരുന്നതുമൂലമുള്ള നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (Kg.) | | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (238+18% GST) (രൂ.) |
|---|---|---|---|---|---|
| | | ബിറ്റുമിൻ | ഇമൽഷൻ | | |
| 1 | കീഴ്നെല്ലൂർപ്പടി - തേലപ്പുഴകടവ് റോഡ് റീടാറിംഗ് വാർഡ് - 7 (പ്രോ.നം.88)<br>കരാറുകാരൻ - ശ്രീ റ്റിനുമോൻ തോമസ്<br>അടങ്കൽ - ₹300000<br>ചെലവ് - ₹267746<br>ബിൽ നം. 20050852011800906422/07.01.2021<br>എം.ബുക്ക് നം. 6/2020-21 | 2143.01 | 203.39 | 15 | 4213 |
| 2 | കരുമ്പോലി ഇരുപ്പിക്കൽ റോഡ് റീടാറിംഗ് വാർഡ് - 1 (57/21)<br>കരാറുകാരൻ - ശ്രീ ജോൺ സി. തോമസ്<br>അടങ്കൽ - ₹260000<br>ചെലവ് - ₹213784<br>ബിൽ നം. - 5037213601200108/07.01.2021<br>എം. ബുക്ക് നം. 57/21 | 1676.61 | 152.90 | 12 | 3370 |
| | ആകെ | | | | 7583 |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 7583 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും

ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 ബയോഫ്ലോക്ക് മത്സ്യക്കൃഷി - അധിക സബ്സിഡി അനുവദിച്ചു

വാർഷിക പദ്ധതിയുടെ ഭാഗമായി (പ്രോ.നം.256/21) ബയോഫ്ലോക്ക് മത്സ്യക്കൃഷി നടത്തുന്നതിന് സാബു.സി.ഫില്ലറ്റ്, ഇടമുറിയ്ക്കൽ, ആനിക്കാട് എന്ന ഗുണഭോക്താവിന് 24,400 രൂപ (ബിൽ നം.01/29.03.21) സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി ലഭ്യമാകുന്നതിനായി ടിയാൻ സമർപ്പിച്ച ചെലവ് രേഖകൾ പ്രകാരം 72,499 രൂപയാണ് മൂലധനച്ചെലവ്. മറ്റ് ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗം ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റിന്റെ 40% തുകയാണ് സബ്സിഡി അനുവദിക്കാവുന്നത്. ടി സബ്സിഡി തുകയിൽ 2/3 ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനവും 1/3 ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. ഇവിടെ ചെലവ് തുകയുടെ 40% ആയ 29,000 രൂപയാണ് ഗുണഭോക്താവിന് ആകെ അനുവദിക്കാവുന്ന സബ്സിഡി. ഇതിൽ 19,333 രൂപയാണ് (29000 X 2/3) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായി അനുവദിക്കാവുന്ന തുക. എന്നാൽ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 24,400 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 5067 രൂപ അധികമായി തദ്ദേശ സ്ഥാപന വിഹിതമായി അനുവദിച്ചതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി ഇനത്തിൽ ഗുണഭോക്താവിന് അധികമായി അനുവദിച്ച തുക 5067 രൂപ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 16.04.2022 | KSAPTA P7/486/2022 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ (SO) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 535995 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 535995 | 0 |
| ജില്ലാ പഞ്ചായത്ത് | 40000 | ലൈഫ് ഭവനനിർമ്മാണം (SCP) (SO) | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 93376 | അങ്കണവാടി അനുപൂരക പോഷകാഹാരം | 93376 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ആശ്രയ പദ്ധതി (SO) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 165000 | പാലിന് സബ്ഡിഡി | 165000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | പാലിന് സബ്ഡിഡി (SO) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 32500 | വീട് വാസയോഗ്യമാക്കൽ | 32500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 31250 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 31250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 93868 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (SO) | 93868 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 10088 | ജനകീയ ഹോട്ടൽ | 10088 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 249835 | പാലിന് സബ്ഡിഡി | 249835 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പാലിന് സബ്ഡിഡി (SO) | 300000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടന്നിട്ടില്ല.

| നിർവണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചൊറിക്കാവുങ്കൽപ്പടി - കടിലിൽപ്പടി നടപ്പാത -പൈപ്പ് ലൈൻ നീട്ടൽ | 150000 | 0 | 150000 |
| | പൈപ്പ് ലൈൻ നീട്ടൽ | 71340 | 0 | 71340 |
| | വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 988000 | 0 | 988000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 8650000 | 1699564 | 379088 | 20912 | 1320476 |
| KURDFC ലൈഫ് | 2400000 | 1982978 | 248667 | 0 | 1734311 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 953 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ വിവരം | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-4 | 953 | ഹബ്സാ ബീവി എ., സീനിയർ ക്ലർക്ക് | 120050101541/03.03.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61294947 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56357710 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19192 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10911 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 7583 | ശ്രീ.ഷാജി ബി എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 5067 | ശ്രീ.ജോർജ്ജ് എൻ എസ്.,<br>ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-24(1) | 3542 | ശ്രീ.ദിലീപ് എസ്.ചീരംതോട്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24(2) | 3000 | ശ്രീ.ഷാജി ബി എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 10911 | ശ്രീമതി ബിന്ദു എ ജോയി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജി ബി എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>വിളവൂർക്കൽ<br>ഗ്രാമപഞ്ചായത്ത് | സലീം ഭവൻ,<br>പൂങ്കുളം പി.ഓ<br>തിരുവനന്തപുരം |
| ശ്രീ.ദിലീപ് എസ്.ചീരംതോട്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | ചീരംതോട് വീട്,<br>പാലിയേക്കര പി.ഒ.,<br>തിരുവല്ല |
| ശ്രീ.ജോർജ്ജ് എൻ എസ്.,<br>ഫിഷറീസ് എക്സ്റ്റൻഷൻ<br>ഓഫീസർ | ---- | നാഗനൂളിൽ ഹൗസ്<br>മുത്തോലി പി.ഓ<br>കോട്ടയം, 686573 |

| | | |
|---|---|---|
| ശ്രീമതി ബിന്ദു എ ജോയി, സെക്രട്ടറി | സെക്രട്ടറി, കോട്ടാങ്ങൽ ഗ്രാമപ്പഞ്ചായത്ത് | ആനിവേലിൽ വീട്, ക്ലരോപ്പട പി.ഒ., കോട്ടയം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി2-529/04<br>തീയതി: 07.11.2000 | 44, 64 |
| 1998-99 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-362/02<br>തീയതി: 13.02.2003 | 22, 23, 44 |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-128/04<br>തീയതി: 14.06.2004 | 11, 15 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676(എ)/05<br>തീയതി: 10.02.2006 | 2-7, 2-8 |
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-129/04<br>തീയതി: 04.09.2004 | 5, 6, 8, 9, 10 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676(ബി)/05<br>തീയതി: 10.02.2006 | 2-1, 2-3, 2-4, 2-6, 2-7 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി5-830/07<br>തീയതി: 19.03.2008 | 2-3, 2-5, 2-7, 2-10(a),(b), 2-14, 2-15, 2-17, 2-18, 2-19, 2-20 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി8-147/10<br>തീയതി: 21.11.2011 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി7-802/10<br>തീയതി:04.10.2011 | 3-2, 3-4, 3-5, 3-6, 3-7, 3-9, 3-10 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി7-803/10<br>തീയതി: 04.10.2011 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി7-545/11<br>തീയതി: 09.12.2011 | |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി7-559/11<br>തീയതി: 13.12.2011 | |
| 2008-09മുതൽ 2011-12 വരെ | എൽ.എഫ്.പിറ്റിഎ.പി7-39/13<br>തീയതി: 10.05.2013 | 3-1, 3-2, 3-3, 3-7 To 3-13, 3-15, 3-16, 3-17 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി7-1152/14<br>തീയതി: 17.12.2011 | 1-2, 3-2 To 3-4, 3-5, 3-8 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി7-558/15<br>തീയതി: 04.07.2015 | 3-4 To 3-7, 3-11 |
| 2014-15 | എൽ.എഫ്.പിറ്റിഎ.പി7-597/16<br>തീയതി: 01.06.2016 | 1-3, 2-1, 2-2a, 2-2b, 2-4, 2-5, 2-6, 3-2, 3-3, 3-4, 3-5, 3-7, 3-9 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16<br>തീയതി: 10.11.2016 | 3-2, 3-3, 3-4, 3-6, 3-7 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16 | 2-3, 2-4, 2-5, |

| | | |
|---|---|---|
| | തീയതി: 10.11.2016 | 3-1, 3-4, 3-5,<br>3-9, 3-10, 3-12,<br>3-13, 3-14, 4-2,<br>4-7, 4-8, 4-9 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി7/237/18<br>തീയതി: 03.05.2019 | 1-2, 2-3 To 2-11,<br>3-1 To 3-17 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി7/200/20<br>തീയതി: 27.04.2020 | 1-9, 1-11 To 1-20 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി7/315/22<br>തീയതി: 30.03.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്